**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3895** — **27.06.2012-ൽ മറുപടിക്ക്**

## പകർച്ചവ്യാധികൾ തടയുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. കെ. ബഷീർ | **ശ്രീ. വി. എസ്. ശിവകുമാർ**<br>**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| എ) പകർച്ചപ്പനി, ചിക്കുൻഗുനിയ, ഡെങ്കിപ്പനി, ജപ്പാൻജ്വരം, എലിപ്പനി തുടങ്ങിയ രോഗങ്ങൾക്കു പുറമേ ഇപ്പോൾ മലമ്പനിയും കേരളത്തിൽ വ്യാപകമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) എങ്കിൽ പ്രസ്തുത പകർച്ച വ്യാധികൾ തടയുന്നതിനും, നിയന്ത്രിക്കുന്നതിനും എന്തെല്ലാം മുൻകരുതൽ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | ബി) പകർച്ചവ്യാധികളെ മുൻകൂട്ടി പ്രതിരോധിക്കുന്നതിനായി ഈ വർഷം ജനുവരി മുതൽ തന്നെ സംസ്ഥാന സർക്കാർ 'സമഗ്ര' എന്ന പേരിൽ ഒരു രോഗപ്രതിരോധ പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. മലമ്പനി തടയുന്നതിനും നിയന്ത്രിക്കുന്നതിനും വേഗത്തിലുള്ള രോഗനിർണ്ണയവും ചികിത്സയും ഉറപ്പു വരുത്തിയിട്ടുണ്ട്. പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി കൂത്താടി നശീകരണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുകയും ഇതര സംസ്ഥാന തൊഴിലാളികൾക്കായി പ്രത്യേക മൈഗ്രന്റ് സ്ക്രീനിംഗ് ക്യാമ്പുകൾ സംഘടിപ്പിക്കുകയും ചെയ്തു വരുന്നു. |
| സി) എല്ലാ ജില്ലകളിലെയും ജില്ല, താലൂക്ക്, കമ്മ്യൂണിറ്റി ആശുപത്രികളിൽ പകർച്ച വ്യാധികളുടെ ചികിത്സയ്ക്കും രക്തപരിശോധനയ്ക്കും മറ്റുമായി പ്രത്യേക വിഭാഗം ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ ? | സി) സംസ്ഥാനത്തെ എല്ലാ ജില്ലാ, ജനറൽ, താലൂക്ക് ആശുപത്രികളിലും പകർച്ചവ്യാധികൾ ബാധിച്ചവരുടെ ചികിത്സയ്ക്കായി പ്രത്യേക പനി ക്ലിനിക്കുകളും വാർഡുകളും ഇതിനകം തന്നെ സജ്ജീകരിച്ചിട്ടുണ്ട്. രക്ത പരിശോധനയ്ക്കായി എല്ലാ ജില്ലാ, ജനറൽ ആശുപത്രികളിലും ലബോറട്ടറികളുടെ പ്രവർത്തനം 24 മണിക്കൂർ ആയി ദീർഘിപ്പിച്ചിട്ടുണ്ട്. താലൂക്കാശുപത്രിയിൽ രാവിലെ മുതൽ രാത്രി 8 മണി വരെ ലബോറട്ടറി പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ